**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 264** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തെരുവുനായ ശല്യം പരിഹരിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. വിഷ്ണു മോഹൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം വർധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എ.ബി.സി പദ്ധതി ഫലപ്രദമായി നടപ്പാക്കാതിരുന്നതാണ് ഇതിനുള്ള ഒരു പ്രധാന കാരണമായിട്ടുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ തെരുവ് നായകളുടെ population അറിയുന്നതിന് ഫീൽഡ് വിസിറ്റ് നടത്തി പ്രൈമറി ഡാറ്റാ collect ചെയ്യുന്ന പ്രവർത്തി 2014 ന് ശേഷം നടപ്പിലാക്കിയിട്ടില്ല. തെരുവ് നായകളുടെ സെൻസെസ് നിലവിൽ സംസ്ഥാനത്ത് projected population പ്രകാരമാണ് കണക്കാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ മൂന്നര ലക്ഷം തെരുവ് നായ്ക്കൾ ഉള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന 21 എ.ബി. സി. സെന്ററുകൾ മുഖേനയും പുതിയ പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്കും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്ന മുറയ്ക്കും തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കാൻ സാധിക്കും.

സംസ്ഥാനത്ത് നിലവിൽ 20 പെർമനന്റ് എ.ബി.സി സെന്ററുകളും ഒരു പോർട്ടബിൾ എ.ബി.സി സെന്ററും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9. എ.ബി.സി സെന്ററുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 10 എ.ബി. സി സെന്ററുകളുടെ പണി പുരോഗമിക്കുന്നു. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്തിലും 1 വീതം 152 ബ്ലോക്ക് പഞ്ചായത്തുകളിലും എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എ.ബി.സി സർജറികൾ ചെയ്യുന്നതിനാവശ്യമായ ഭൗതിക സാഹചര്യമുള്ള നിലവിലെ വെറ്ററിനറി ആശുപത്രികളിൽ കൂടി എ.ബി.സി. സർജറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വിവിധ വർഷങ്ങളിലായി എ.ബി.സി സർജറിയും വാക്സിനേഷനും നടത്തിയ തെരുവ് നായക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

2023-14625

2024-14923

2025-13944

2026 - 9225 (ജനുവരി മുതൽ മെയ് വരെ)

**(ബി)** തെരുവുനായ്ക്കളുടെ ജനന നിയന്ത്രണ യൂണിറ്റുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നുണ്ടോ; തെരുവുനായ്ക്കളുടെ വർധനവിന് അനുസൃതമായി പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ തെരുവ് നായകളുടെ population അറിയുന്നതിന് ഫീൽഡ് വിസിറ്റ് നടത്തി പ്രൈമറി ഡാറ്റാ collect ചെയ്യുന്ന പ്രവർത്തി 2014 ന് ശേഷം നടപ്പിലാക്കിയിട്ടില്ല. തെരുവ് നായകളുടെ സെൻസെസ് നിലവിൽ സംസ്ഥാനത്ത് projected population പ്രകാരമാണ് കണക്കാക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ മൂന്നര ലക്ഷം തെരുവ് നായ്ക്കൾ ഉള്ളതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കീഴിൽ നിലവിൽ പ്രവർത്തിക്കുന്ന 21 എ.ബി. സി. സെന്ററുകൾ മുഖേനയും പുതിയ പോർട്ടബിൾ എ.ബി.സി. സെന്ററുകൾ സ്ഥാപിക്കുന്ന മുറയ്ക്കും, പണി പൂർത്തിയായ 9 എ.ബി.സി. സെന്ററുകൾ ആരംഭിക്കുന്ന മുറയ്ക്കും തെരുവ് നായ്ക്കളുടെ എണ്ണം കുറയ്ക്കാൻ സാധിക്കും.

സംസ്ഥാനത്ത് നിലവിൽ 20 പെർമനന്റ് എ.ബി.സി സെന്ററുകളും ഒരു പോർട്ടബിൾ എ.ബി.സി സെന്ററും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 9. എ.ബി.സി സെന്ററുകളുട പണി പൂർത്തീകരിച്ചിട്ടുണ്ട്. 10 എ.ബി. സി സെന്ററുകളുടെ പണി പുരോഗമിക്കുന്നു. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്തിലും 1 വീതം 152 ബ്ലോക്ക് പഞ്ചായത്തുകളിലും എ.ബി.സി സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എ.ബി.സി സർജറികൾ ചെയ്യുന്നതിനാവശ്യമായ ഭൗതിക സാഹചര്യമുള്ള നിലവിലെ വെറ്ററിനറി ആശുപത്രികളിൽ കൂടി എ.ബി.സി. സർജറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

വിവിധ വർഷങ്ങളിലായി എ.ബി.സി സർജറിയും വാക്സിനേഷനും നടത്തിയ തെരുവ് നായക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

2023-14625

2024-14923

2025-13944

2026 - 9225 (ജനുവരി മുതൽ മെയ് വരെ)

**(സി)** അപകടകാരികളായ തെരുവുനായ്ക്കളുടെ ദയാവധം സംബന്ധിച്ച് സുപ്രീം കോടതി വിധി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ദയാവധവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ 19/5/2026 ലെ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതിന് ലോക്കൽ എ.ബി.സി. മോണിറ്ററിങ് കമ്മിറ്റി മുഖേന 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ ചികിത്സ നൽകാൻ സാധിക്കാത്ത വിധം മാരകമായി പരിക്ക് പറ്റിയിട്ടുള്ള തെരുവ് നായ്ക്കൾ, ചികിത്സ നൽകാൻ സാധിക്കാത്ത വിധം അസുഖം ബാധിച്ചിട്ടുള്ള തെരുവ് നായ്ക്കൾ, റാബീസ് ബാധിച്ചതും, അഗ്രെസ്സീവ് ആയിട്ടുള്ളതുമായ തെരുവ് നായ്ക്കൾ എന്നിവ ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**